**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 250/PR/PIC/PHQ/18 Date : 03.10.2016

# എം. ഗോപാലൻ സ്മാരക സ്കോളർഷിപ്പ് വിതരണം ഒക്ടോബർ നാലിന്

പോലീസ് സേനാംഗങ്ങളുടെ മക്കൾക്ക് ഏർപ്പെടുത്തിയിട്ടുള്ള എം. ഗോപാലൻ സ്മാരക സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെ കുട്ടികളിൽ 2016 –2017, 2017–2018 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ആദ്യ മൂന്ന് സ്ഥാനക്കാർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. 04.10.2018 വൈകുന്നേരം 4 മണിക്ക് പോലീസ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ സ്കോളർഷിപ്പുകൾ വിതരണം ചെയ്യും

2016–2017 വർഷത്തിൽ അലീന അഗസ്റ്റീൻ, D/o . അഗസ്റ്റീൻ ദാസ്.റ്റി സിവിൽ പോലീസ് ഓഫീസർ, സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ, ഒന്നാം സ്ഥാനത്തിനും; കീർത്തന പി, D/o. ശിവ ശങ്കരൻ പി, സീനിയർ സിവിൽ പോലീസ് ഓഫീസർ, കാളിയാർ പോലീസ് സ്റ്റേഷൻ, മലപ്പുറം, രണ്ടാം സ്ഥാനത്തിനും; അതുൽ പ്രകാശ്, S/o കെ.പ്രകാശ്, സീനിയർ സിവിൽ പോലീസ് ഓഫീസർ, ഇരട്ടി സർക്കിൾ ഓഫീസ്, കണ്ണൂർ, മൂന്നാം സ്ഥാനത്തിനും അർഹരായി. 2017–2018 വർഷത്തിൽ ആര്യ രവീന്ദ്രൻ.എ, D/o. രവി എ, ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ കെ.എ.പി.നാലാം ബറ്റാലിയൻ, ഒന്നാം സ്ഥാനത്തിനും; രസാന കണ്ടത്ത്, D/o. അബ്ദുൾ നസീർ. റ്റി, സീനിയർ സിവിൽ പോലീസ് ഓഫീസർ, കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ, കണ്ണൂർ; സിദ്ധി കാർത്തിക്, D/o. ജയചന്ദ്രൻ നായർ .കെ.സി.മ്യൂസിയം പോലീസ് സ്റ്റേഷൻ, മൂന്നാം സ്ഥാനത്തിനും അർഹരായി.

യശ്ശ:ശരീരനായ മുൻ പോലീസ് ഐ.ജി. എം. ഗോപാലന്റെ സ്മരണാർത്ഥം എം. ഗോപാലൻ സ്മാരക ട്രസ്റ്റാണ് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ളത്.

***********